# പരലോകത്ത് ആരും ആരുടെയും 'കെയറോഫി'ൽ രക്ഷപ്പെടില്ല

ശാഫി സ്വലാഹി ചങ്ങലീരി

**ഈ** ലോകത്ത് നാം എന്തു തെറ്റ് ചെയ്താലും എത്രവലിയ നിയമക്കുരുക്കുകളിൽ നിന്നും രക്ഷപ്പെടാൻ പഴുതുകളുണ്ട്. കാരണം ഭരണാധികാരികളും പണക്കാരും സ്വാധീനമുള്ളവരും വിചാരിച്ചാൽ എന്ത് തിന്മയെയും നന്മയാക്കി അവതരിപ്പിക്കാൻ സാധിക്കും. എന്നാൽ നമുക്കു നേരിടാനുള്ള പരലോക കോടതിയിൽ ഒരാളും ഒരാളുടെയും സ്വാധീനത്തിലും 'കെയറോഫി'ലും രക്ഷപ്പെടുകയില്ല. അവിടെ രക്ഷപ്പെടുക അവനവന്റെ കർമങ്ങൾകൊണ്ടു മാത്രമാണ്. എന്നാൽ നമ്മുടെ കൂട്ടത്തിൽ പലരും തെറ്റിദ്ധരിച്ചിട്ടുള്ളത് പരലോകത്തും ഇവിടത്തെപ്പോലെ യഥേഷ്ടം ശുപാർശകളുണ്ടെന്നും എന്ത് തെറ്റും കുറ്റങ്ങളും ചെയ്തവരെയും, വേണ്ടത്ര സൽകർമ്മങ്ങൾ അനുഷ്ഠിക്കാത്തവരെയും പല ഔലിയാക്കളും ബീവിമാരുമെല്ലാം ശഫാഅത്തിലൂടെ രക്ഷപ്പെടുത്തുമെന്നാണ്. അതിനു വേണ്ടിയാണ് അവരുടെ മഖ്ബറകളിലേക്ക് പലരും പലതും നേർച്ചയാക്കുന്നതും അവരെ വിളിച്ച് സഹായം തേടുന്നതും അവരുടെ ഹഖ്-ജാഹ്-ബർക്കത്തുകൊണ്ട് ഇടതേടി പ്രാർത്ഥിക്കുന്നതുമെല്ലാം. എന്നാൽ ആ ചെയ്തതെല്ലാം തെറ്റാണെന്നു മാത്രമല്ല; അവരൊന്നും ആ പേരിലോ മറ്റെന്തെങ്കിലും പേരിലോ നമ്മെ രക്ഷപ്പെടുത്തുകയില്ല. ഇക്കാര്യം വിശുദ്ധ ഖുർആനും തിരുസുന്നത്തും ഖണ്ഡിതമായി പഠിപ്പിച്ചതാണ്.

ഇത് പറയുമ്പോൾ അവിടെ തീരെ ശഫാഅത്ത് (ശുപാർശ) ഇല്ലെന്ന് തെറ്റിദ്ധരിക്കരുത്. അല്ലാഹുവിനെയും റസൂലിനെയും മുറപ്രകാരം അനുസരിച്ച് സുകൃതങ്ങൾ ചെയ്യുന്നവർക്ക് അവിടെ ശുപാർശയുണ്ട്. അവർക്ക് അമ്പിയാക്കളുടെയും ഔലിയാക്കളുടേയും ശഫാഅത്ത് ലഭിക്കുന്നതാണ്. ഇക്കാര്യവും ഇസ്‌ലാമിക പ്രമാണങ്ങപഠിപ്പിച്ചതുതന്നെയാണ്.

ചുരുക്കത്തിൽ, അവനവന്റെ കർമങ്ങളല്ലാതെ ഒരാളും പരലോകത്ത് നമ്മുടെ രക്ഷക്കെത്തുകയില്ല. ഇക്കാര്യം നബി(ﷺ) തന്നെ, അവിടുത്തെ 'കരളിന്റെ കഷ്ണ'മെന്നു വിശേഷിപ്പിച്ച സ്വന്തം മകളോടുപോലും തുറന്നു പറഞ്ഞിട്ടുണ്ട്. ഇമാം ശാഫിഈ(റ) തന്നെ അത് ഉദ്ധരിക്കുന്നത് കാണുക:

(അൽ ഉമ്മ്: 1/140)



أخبرنا الشافعي قال أخبرنا عبد الوهاب الثقفي قال سمعت يحيى بن سعيد يقول حدثني ابن أبي مليكة أن عبيد بن عمير الليثي حدثه أن رسول الله ﷺ أمر أبا بكر أن يصلي بالناس الصبح وأن أبا بكر كبر فوجد النبي ﷺ بعض الخفة فقام يفرج الصفوف قال وكان أبو بكر لايلتفت إذا صلى فلما سمع أبو بكر الحس من ورائه عرف أنه لايتقدم ذلك المقام المقدم إلا رسول الله ﷺ فخنس وراءه إلى الصف فرده رسول الله ﷺ مكانه فجلس رسول الله إلى جنبه وأبو بكر قائم حتى إذا فرغ أبو بكر قال أي رسول الله : أراك أصبحت صالحا وهذا يوم بنت خارجة فرجع أبو بكر إلى أهله فمكث رسول الله ﷺ مكانه وجلس إلى جنب الحجر يحذر الناس الفتن وقال إني والله لايمسك الناس علي شيئا إني والله لاأحل إلا ما أحل الله في كتابه ولا أحرم إلا ماحرم الله في كتابه يافاطمة بنت رسول الله وصفية عمة رسول الله اعملا لما عند الله فإني لاأغني عنكما من الله شيئا .

( قال الشافعي ) ويصلي الإمام قاعدا ومن خلفه قياما إذا أطاقوا القيام ولا يجزيء من

*അർത്ഥം:* "ഇമാം ശാഫിഈ(റ) പറയുന്നു: ...നിശ്ചയം നബി(ﷺ) പറഞ്ഞു: ....ഹേ, അല്ലാഹുവിന്റെ തിരുദൂതരുടെ മകൾ ഫാതിമാ!, മൂത്താപ്പയുടെ മകൾ സഫിയാ! അല്ലാഹുവിന്റെ അടുക്കലുള്ളതിനുവേണ്ടി (പരലോകത്ത് നരകത്തിൽ നിന്ന് രക്ഷപ്പെട്ട് സ്വർഗ്ഗം ലഭിക്കാൻ വേണ്ടി) നിങ്ങൾ തന്നെ പ്രവർത്തിക്കുക. നിങ്ങൾക്കുവേണ്ടി അല്ലാഹുവിങ്കൽ എന്തെങ്കിലും ചെയ്യാൻ എന്നെക്കൊണ്ട് സാധിക്കുകയില്ല." *(അൽ ഉമ്മ്: 1/140)*

നോക്കൂ, നബി(ﷺ) സ്വന്തം മകളോടും കുടുംബാംഗങ്ങളോടുംപോലും ജീവിതത്തിന്റെ അന്ത്യ ഘട്ടത്തിൽ ഇപ്രകാരം പറയുന്നുവെങ്കിൽ നമ്മുടെ അവസ്ഥ എന്തായിരിക്കും?! എന്നിട്ടും നമ്മുടെ കൂട്ടത്തിൽ പലരും ധരിച്ചിട്ടുള്ളത് നബി(ﷺ) നമ്മെ നിഷ്പ്രയാസം ശഫാഅത്തിലൂടെ രക്ഷപ്പെടുത്തുമെന്നാണ്. അത്തരം ധാരണകൾ നാം തിരുത്തേണ്ടതുണ്ടെന്നും നാം രക്ഷപ്പെടാൻ സ്വന്തമായി സൽകർമങ്ങളനുഷ്ഠിക്കലാണ് അടിസ്ഥാന പോംവഴി എന്ന് തിരിച്ചറിയുകയും ചെയ്യുക. അങ്ങനെ ഇസ്‌ലാം പഠിപ്പിച്ച വിശ്വാസങ്ങളും ആചാരങ്ങളും സ്വഭാവഗുണങ്ങളുമെല്ലാം പരമാവധി പാലിച്ച് ജീവിക്കുന്ന, അമ്പിയാ ഔലിയാക്കളുടെ ശഫാഅത്ത് ലഭിക്കുന്ന മഹാ ഭാഗ്യവാന്മാരുടെ കൂട്ടത്തിൽ സർവ്വ ശക്തനായ നാഥൻ നമ്മെയും ഉൾപ്പെടുത്തുമാറാകട്ടെ... *ആമീൻ.*